സ.ഉ.(സാധാ) നം.980/2023/LSGD

"ഭരണഭാഷ- മാതൃഭാഷ "

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.രാജേഷ് പി യുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.980 2023/LSGD തീയതി,തിരുവനന്തപുരം, 05-05-2023

---

പരാമർശം:- 1. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.11.2022 ലെ DDP PKD/2428/2022-E4 നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ 22.01.2023ലെ ഇ6-15551/22നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.രാജേഷ് പി യുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ രാജേഷ് പി പഞ്ചായത്ത് വകുപ്പിൽ 27.11.2018 ൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം.ഒ.പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 12.12.2020 മുതൽ ഒരു വർഷത്തേക്ക് പരാമർശം (1) പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 31.03.2022 ൽ ടിയാൻ എം.ഒ.പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 01.04.2022 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാളുടെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 02.04.2022 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്നാണ് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ കത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.രാജേഷ് യുടെപ്രൊബേഷൻ കാലയളവ് ടിയാൻ എം.ഒ.പി പരീക്ഷ വിജയിച്ച 31.03.2022 ന്റെ തൊട്ടടുത്ത ദിവസമായ 01.04.2022 FN ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 12.12.2021 മുതൽ 02.04.2022 ANവരെ കെ.എസ് & എസ്.എസ്.ആർ. ജനറൽ റൂൾ 21 പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, റൂറൽ , എൽ.എസ്.ജി.ഡി., തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ( ഡയറക്ടർ, റൂറൽ മുഖാന്തിരം)

സെക്രട്ടറി, കൊടുമ്പ് ഗ്രാമപഞ്ചായത്ത്, പാലക്കാട് (ഡയറക്ടർ, റൂറൽ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
കരുതൽ ഫയൽ (ഫയൽ നമ്പർ ഇപിഎ1/41/2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 05-05-2023 18:01:12